**A** **605**

# സമഗ്ര ശിക്ഷാ കേരളം
## പാദവാർഷിക മൂല്യനിർണ്ണയം 2024-2025
## സാമൂഹ്യശാസ്ത്രം

ക്ലാസ്: 6 സമയം: 2 മണിക്കൂർ

---

***നിർദേശങ്ങൾ***

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലെയും എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---


**പ്രവർത്തനം 1**

**സി ഇ 8-ാം നൂറ്റാണ്ടു മുതൽ വടക്കേ ഇന്ത്യയിൽ ഡൽഹിയായിരുന്നു അധികാരകേന്ദ്രം. തെക്കേ ഇന്ത്യയിൽ 17-ാം നൂറ്റാണ്ടിൽ മറാത്തകൾ പ്രബല ശക്തിയായി.**

എ) സി ഇ 8-ാം നൂറ്റാണ്ടു മുതൽ 18-ാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടം ഇന്ത്യാചരിത്രത്തിൽ ഏതു പേരിലാണ് അറിയപ്പെടുന്നത്.

(a) ചരിത്രാതീത കാലഘട്ടം (b) ചരിത്ര കാലഘട്ടം

(c) മധ്യകാലഘട്ടം (d) ആധുനിക കാലഘട്ടം






ബി) ചിത്രങ്ങൾ നിരീക്ഷിച്ച് ഡൽഹിയും മറാത്തയും അധികാരകേന്ദ്രമാകാൻ കാരണമായ ഭൂമിശാസ്ത്ര പ്രത്യേകതകളെക്കുറിച്ച് ഒരു താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

സി) സി ഇ 8-ാം നൂറ്റാണ്ടിൽ, ഏതു രാജവംശത്തിന്റെ ഭരണകാലത്താണ് ഡൽഹി ആദ്യമായി അധികാരകേന്ദ്രമാകുന്നത്.

| | | | |
|---|---|---|---|
| (a) | മാംലൂക്ക് വംശം | (b) | ചൗഹാൻ രാജവംശം |
| (c) | തൊമര രാജവംശം | (d) | അടിമവംശം |

**പ്രവർത്തനം 2**

**കേരളത്തിന്റെ ഭൂപ്രകൃതിയും മണ്ണും കാലാവസ്ഥയുമെല്ലാം കൃഷിക്ക് ഏറ്റവും അനുകൂല മാണ്. ഇതിനെ ഉപയോഗപ്പെടുത്തുന്ന ഒരു ജീവിതശൈലിയിലേക്ക് നാം മാറേണ്ടതുണ്ട്.**

എ) ഓരോ കുടുംബവും അവരവർക്കാവശ്യമുള്ള പച്ചക്കറികൾ കൃഷി ചെയ്യുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് എഴുതുക.

ബി) സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷന്റെ ലക്ഷ്യത്തിൽ പെടാത്തത് ഏത്?

| | | | |
|---|---|---|---|
| (a) | പച്ചക്കറിക്കൃഷി | (b) | സുഗന്ധവിള കൃഷി |
| (c) | റബ്ബർകൃഷി | (d) | കൂൺകൃഷി |

**പ്രവർത്തനം 3**

**1526 മുതൽ ഡൽഹി മുഗൾഭരണത്തിൻ കീഴിലായി. സി ഇ 9-ാം നൂറ്റാണ്ടിൽ ദക്ഷിണേന്ത്യയിൽ ചോളരാജവംശം പ്രബലമായി.**

എ) താഴെ പറയുന്നവയിൽ ശരിയല്ലാത്ത പ്രസ്താവന കണ്ടെത്തി രേഖപ്പെടുത്തുക?


(a) ഒന്നാം പാനിപ്പത്ത് യുദ്ധത്തിൽ ബാബർ ഡൽഹി പിടിച്ചെടുത്തു.

(b) മാൻസബ്ദാരി സമ്പ്രദായം അക്ബർ നടപ്പിലാക്കി.

(c) മുഗൾ സാമ്രാജ്യം ഏറ്റവും കൂടുതൽ വിസ്തൃതമായത് അക്ബറുടെ ഭരണകാലത്താണ്.

(d) ഔറംഗസേബിനു ശേഷം മുഗൾ സാമ്രാജ്യം ദുർബലമായി.

ബി) ചിത്രം നിരീക്ഷിച്ച് ചോളസാമ്രാജ്യം ഇന്ത്യക്ക് പുറത്ത് ഏതൊക്കെ രാജ്യങ്ങളിൽ വ്യാപിച്ചിരുന്നു എന്നെഴുതുക.




സി) ചോള സാമ്രാജ്യം അയൽരാജ്യങ്ങളിലേക്ക് വ്യാപിക്കാൻ ഇടയാക്കിയ സാഹചര്യങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

പ്രവർത്തനം 4

**മധ്യകാലഘട്ടത്തിൽ ഇന്ത്യ സന്ദർശിച്ച വിദേശ സഞ്ചാരികളുടെ സഞ്ചാരകുറിപ്പുകളിലെ പ്രധാന മേഖലകളാണ് നൽകിയിരിക്കുന്നത്.**

- കൃഷിയും കൈത്തൊഴിലും
- നഗരങ്ങളും വാണിജ്യവും
- തൊഴിൽ കേന്ദ്രങ്ങൾ
- വിജ്ഞാന കേന്ദ്രങ്ങൾ

എ) നൽകിയിരിക്കുന്ന സഞ്ചാരക്കുറിപ്പു വായിച്ച് മേഖലകൾ ക്രമപ്പെടുത്തുക.

| സഞ്ചാരക്കുറിപ്പ് | മേഖല |
|---|---|
| (a) കാർഖാനകൾ പ്രവർത്തിക്കുന്ന വലിയ മുറികൾ പലസ്ഥലങ്ങളിലും കാണുന്നുണ്ട് | ........................ |
| (b) നമ്മൾ ഇന്ത്യക്കാർക്ക് ഏതു ഭാഷയിലും സംസാരിക്കാനാകും. എന്നാൽ മറ്റുള്ളവർക്ക് നമ്മുടെ ഭാഷ വഴങ്ങാൻ ബുദ്ധിമുട്ടാണ് | വിജ്ഞാനകേന്ദ്രങ്ങൾ |
| (c) ധാന്യങ്ങൾ കൃഷിചെയ്യുന്നതിനും കന്നുകാലികളെ മേയ്ക്കുന്നതിനും ഭരണാധികാരികൾക്ക് ഭൂമിക്കരവും മേച്ചിൽക്കരവും കൊടുക്കണം | ........................ |
| (d) വിജയനഗരം എന്ന മഹാനഗരി കീഴ്ക്കാംതൂക്കായ മലനിരകൾക്കരികിലാണ്. | ........................ |

ബി) മുഗൾകാലഘട്ടത്തിലും സൽത്തനത്ത് കാലഘട്ടത്തിലും ഉദ്യോഗസ്ഥർക്ക് വേതനമായി ഭൂമി പതിച്ചുകൊടുത്തിരുന്ന സമ്പ്രദായം ഏതെല്ലാം പേരുകളിലാണ് അറിയപ്പെട്ടിരുന്നത്?

| മുഗൾ കാലഘട്ടം | സൽത്തനത്ത് കാലഘട്ടം |
|---|---|
| • ........................ | • ........................ |

പ്രവർത്തനം 5

എ) മുഗൾകാലഘട്ടത്തിലെ സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട ചില പ്രസ്താവനകളാണ് നൽകിയിരിക്കുന്നത്. ശരിയായ പ്രസ്താവന കണ്ടെത്തി എഴുതുക.

(a) ജാതി, മതം, സമ്പത്ത് തുടങ്ങിയവയൊന്നും സാമൂഹിക പദവികൾ നിർണ്ണയിക്കുന്നതിൽ പങ്കുവഹിച്ചിരുന്നില്ല.

(b) എല്ലാവർക്കും ഒരേ ആചാരങ്ങളും അനുഷ്ഠാനങ്ങളുമാണ് ഉണ്ടായിരുന്നത്.

(c) കൈത്തൊഴിലുകളിലും കൃഷിയിലും ഏർപ്പെട്ടിരുന്നവർ സമൂഹത്തിലെ താഴെത്തട്ടിലുള്ളവരായിരുന്നു.

(d) സതി, ശൈശവവിവാഹം തുടങ്ങിയ അനാചാരങ്ങളൊന്നും ഉണ്ടായിരുന്നില്ല.

ബി) മുഗൾകാലഘട്ടത്തിലെ സാമൂഹിക സാമ്പത്തിക വ്യവസ്ഥിതി ആധുനിക സമൂഹത്തിന് യോജിച്ചതാണോ? എന്തുകൊണ്ട്? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

പ്രവർത്തനം 6

**ഗ്രാമീണ ജീവിതരീതിയിൽ നിന്ന് നാഗരികതയിലേക്ക് മാറിയ മലയാളി ഇന്ന് അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് മാലിന്യസംസ്കരണം.**

എ) മാലിന്യം വീട്ടിൽ തന്നെ സംസ്കരിക്കുന്നതിന് ഏതെങ്കിലും രണ്ടു പദ്ധതികൾ നിർദേശിക്കുക.

ബി) മാലിന്യസംസ്കരണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ ഒരു പോസ്റ്റർ തയ്യാറാക്കുക.

പ്രവർത്തനം 7

എ) നൽകിയിരിക്കുന്ന പട്ടിക പരിശോധിച്ച് സാധനം, സേവനം ഇവ തമ്മിലുള്ള വ്യത്യാസം കുറിക്കുക.

| സാധനം | സേവനം |
|---|---|
| അരി | കർഷകൻ, അരിമില്ല്, കച്ചവടക്കാർ |
| വസ്ത്രം | കോട്ടൺ കൃഷി, നൂൽനൂൽക്കൽ, വസ്ത്രനിർമ്മാണക്കമ്പനി, ടെക്സ്റ്റൈൽ ഷോപ്പ്, തയ്യൽക്കാരൻ |
| ഔഷധം | ഡോക്ടർ, മരുന്നു കമ്പനി, മെഡിക്കൽ ഷോപ്പ് |

ബി) കൂട്ടത്തിൽ പെടാത്തത് ഏത്?


(a) പോസ്റ്റ് കാർഡ് (b) പോസ്റ്റ് കവർ

(c) പോസ്റ്റ് ബോക്സ് (d) പോസ്റ്റ് ഓഫീസ്

സി) ദൈനംദിന ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ പരമാവധി സ്വയം ഉൽപാദിപ്പിക്കണം. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

പ്രവർത്തനം 8

**കേരളത്തിന്റെ ഭൂപ്രകൃതിയനുസരിച്ചുള്ള വിവിധയിനം വിളകളാണ് ചുവടെ നൽകിയിരിക്കുന്നത്.**




എ) ചിത്രം നിരീക്ഷിച്ച് കേരളത്തിലെ ഭൂവിഭാഗങ്ങൾ കണ്ടെത്തി വിളകളെ തരംതിരിച്ച് പട്ടികപ്പെടുത്തുക.

| ................................ | ................................ | ................................ |
|---|---|---|
| • | • | • |
| • | • | • |
| • | • | • |